ജി2-12561/12

പഞ്ചായത്ത് ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം , തീയതി.24/08/2018

പഞ്ചായത്ത് ഡയറക്ടർ

എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും

സർ,

വിഷയം - മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവനകൾ സ്വീകരിക്കുന്നത് - സംബന്ധിച്ച്.

സൂചന : സ.ഉ.(സാ) നം.2310/2018/തസ്വഭവ തീയതി 23.08.2018

സമാനതകളില്ലാത്ത പ്രളയ ദുരന്തമാണ് നിലവിൽ കേരളം അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്നത്. പ്രളയത്തിന് ശേഷമുള്ള ദുരന്തനിവാരണ പ്രവർത്തനങ്ങൾ പുനർ നിർമ്മാണ പ്രവർത്തനങ്ങൾ ശുചീകരണ പ്രവർത്തനങ്ങൾ എന്നിവ വളരെ പ്രാധാന്യമർഹിക്കുന്നതും ഏറെ ചെലവ് വരുന്നതുമാണ്. ഇതിനായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് പരമാവധി തുക ലഭ്യമാക്കുന്നതിന് ബഹു.മുഖ്യമന്ത്രി അഭ്യർത്ഥിച്ചിട്ടുണ്ട്. സൂചന ഉത്തരവ് പ്രകാരം, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തനതു ഫണ്ടിൽ നിന്നും സ്വന്തം നിലയിൽ തുക സമാഹരിച്ചും സംഭാവന നൽകാവുന്നതാണെന്ന് വ്യക്തമാക്കിയിട്ടുള്ളതാണ്.

ഈ സാഹചര്യത്തിൽ പ്രളയക്കെടുതികൾ കാര്യമായി ബാധിച്ചിട്ടില്ലാത്ത ഗ്രാമപഞ്ചായത്തുകൾ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് പരമാവധി തുക സംഭാവനയായി ലഭ്യമാക്കുന്നതിന് ആവശ്യമായ പ്രചാരണം നടത്തുന്നതിനും ഇപ്രകാരം ലഭ്യമാക്കുന്ന തുക ഗ്രാമ പഞ്ചായത്ത് ഓഫീസിൽ രശീതി നൽകി സ്വീകരിക്കുന്നതിനും പ്രത്യേക സൌകര്യം ഏർപ്പെടുത്തുന്നതിന് നിർദ്ദേശം നൽകേണ്ടതാണ്.

ഇപ്രകാരം ലഭിക്കുന്ന തുക ഫ്രണ്ട് ഓഫീസിൽ 320800299 എന്ന അക്കൗണ്ട് ഹെഡിൽ സ്വീകരിക്കേണ്ടതും ലഭിച്ച തുക താഴെ പറയുന്ന അക്കൌണ്ടിലേക്ക് ഒടുക്കേണ്ടതുമാണ്. ഇതിനകം മറ്റേതെങ്കിലും അക്കൗണ്ട് ഹെഡിൽ ഈയിനത്തിൽ തുക സ്വീകരിച്ചിട്ടുള്ള ഗ്രാമ പഞ്ചായത്തുകൾ ജേണൽ എൻട്രി വഴി പ്രസ്തുത തുക മേൽപ്പറഞ്ഞ അക്കൗണ്ട് ഹെഡിലേക്ക് മാറ്റേണ്ടതാണ്.

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്കുള്ള തുക ഒടുക്കേണ്ട അക്കൌണ്ട് നമ്പർ - 67319948232
ബാങ്കിൻറെ പേര് - SBI City Branch, Thiruvananthapuram
IFS Code - SBIN 0070028

സംഭാവന നൽകിയ വ്യക്തികൾ ഇത് സംബന്ധിച്ച് ഒരു സാക്ഷ്യപത്രം പിന്നീട് ആവശ്യപ്പെടുന്ന പക്ഷം ദുരിതാശ്വാസ നിധിയിലേക്ക് തുക അടവാക്കിയതിന് ശേഷം ആ വിവരം കൂടി ഉൾപ്പെടുത്തി സാക്ഷ്യപത്രം നൽകുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

മേൽപ്പറഞ്ഞ പ്രകാരം സന്നദ്ധരായ വ്യക്തികളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും തുക സമാഹരിച്ച് ഒടുക്കുന്നതു കൂടാതെ തനതു ഫണ്ട് മിച്ചമുള്ള ഗ്രാമ പഞ്ചായത്തുകൾ പരമാവധി തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക സംഭാവന ചെയ്യുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

വിശ്വസ്തതയോടെ

എം.പി. അജിത്ത് കുമാർ
പഞ്ചായത്ത് ഡയറക്ടർ (അധിക ചുമതല)